ഉത്തരം

(എ) ഭരണനവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് ഡെലിവറി പ്രോജക്റ്റിന്റെ ഭാഗമായി നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുത്തത് ടി പദ്ധതി പ്രകാരമുള്ള ആധുനികവൽക്കരണ നടപടികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള 57 പോലീസ് സ്റ്റേഷനുകളെയാണ് മാതൃകാ പോലീസ് സ്റ്റേഷനുകളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അധികം വസിക്കുന്നതും വനിതകൾ അധികം വസിക്കുന്നതും ട്രാഫിക് കേസുകൾ വളരെയധികം രജിസ്റ്റർ ചെയ്യുന്നതുമായ പ്രദേശങ്ങൾ ഉൾപ്പെടുന്ന പോലീസ് സ്റ്റേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാഹനമോഷണവും ഭവനഭേദനവും

40 [1616] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, വി. കെ. ചന്ദ്രൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന മോഷണവും ഭവന ഭേദനവും തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിന്നും മോഷ്ടിക്കുന്ന വാഹനങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് കടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹനമോഷണവും വീടുകവർച്ചയും സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാഹനമോഷണവും ഭവനഭേദനവും തടയുന്നതിന് മാത്രിയും പകലും വാഹനങ്ങൾ ചെക്ക് ചെയ്തും പട്രോളിംഗുകൾ ശക്തമാക്കിയും മുൻ ശിക്ഷക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചും റസിഡന്റ്സ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ മോഷണത്തേയും ഭവനഭേദനത്തേയും കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

(ബി) ഉണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV (എ)—(തുടർച്ച)

53.	രജിസ്ട്രേഷൻ	1257
54.	ഗ്രാമവികസനം	589
55.	സൈനികക്ഷേമം	31
56.	പട്ടികജാതി വികസനം	970
57.	സാമൂഹ്യക്ഷേമം	134
58.	സ്പോർട്ട്സും യുവജനക്ഷേമവും	13
59.	പട്ടികവർഗ്ഗ വികസനം	1119
60.	ടെക്നിക്കൽ വിദ്യാഭ്യാസം	251
61.	ടൂറിസം	640
62.	ടൗൺപ്ലാനിംഗ്	616
63.	ട്രഷറീസ്	129
64.	നഗരകാര്യം	274
65.	വിജിലൻസ്	286
66.	ജലഗതാഗതം	378

അനുബന്ധം V

[12-7-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത 40 (1616)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

ജില്ല	*വാഹനമോഷണ കേസുകൾ*	*ഭവനഭേദന കേസുകൾ*
തിരുവനന്തപുരം (സിറ്റി-റൂറൽ)	298	601
കൊല്ലം	152	259
പത്തനംതിട്ട	64	6
ആലപ്പുഴ	77	20
കോട്ടയം	59	26
ഇടുക്കി	18	129
എറണാകുളം (റൂറൽ-സിറ്റി)	224	124
തൃശ്ശൂർ	184	330
പാലക്കാട്	98	310
മലപ്പുറം	121	8
കോഴിക്കോട് (സിറ്റി-റൂറൽ)	200	22
വയനാട്	32	1
കണ്ണൂർ	68	6
കാസർകോട്	90	3
എ.ഡി.ജി.പി. ക്രൈംസ്	4	5

LIBRARY ARCHIVES Kerala Legislative Assembly